**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3476** **08-10-2025 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗത്തിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | വൊക്കേഷണൽ ഹയർസെക്കണ്ടറി വിഭാഗം ജീവനക്കാരുടെ പി.എഫ്. ക്രെഡിറ്റ് കാർഡ്, 2022-23 കാലയളവിനുശേഷം നാളിതുവരെ ലഭിക്കാത്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്; വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം ജീവനക്കാരുടെ പി.എഫ് ക്രഡിറ്റ് കാർഡ് 2022-2023-ൽ നൽകിയതിനു ശേഷം ഇപ്പോൾ 2023-2024 വർഷത്തെ ക്രഡിറ്റ് കാർഡ് നൽകിവരുന്നു. കൊല്ലം, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള മറ്റ് 12 ജില്ലകളിലെയും മുഴുവൻ ജീവനക്കാരുടെയും 2023-2024 വർഷത്തെ ക്രഡിറ്റ് കാർഡ് നൽകി കഴിഞ്ഞു. കൊല്ലം, പത്തനംതിട്ട ജില്ലകളുടേത് ഒക്ടോബർ 31 നുള്ളിൽ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (ബി) | പ്രസ്തുത പി. എഫ്. ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്; വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം ജീവനക്കാരുടെ പി.എഫ് ക്രഡിറ്റ് കാർഡ് 2022-2023-ൽ നൽകിയതിനു ശേഷം ഇപ്പോൾ 2023-2024 വർഷത്തെ ക്രഡിറ്റ് കാർഡ് നൽകിവരുന്നു. കൊല്ലം, പത്തനംതിട്ട ജില്ലകൾ ഒഴികെയുള്ള മറ്റ് 12 ജില്ലകളിലെയും മുഴുവൻ ജീവനക്കാരുടെയും 2023-2024 വർഷത്തെ ക്രഡിറ്റ് കാർഡ് നൽകി കഴിഞ്ഞു. കൊല്ലം, പത്തനംതിട്ട ജില്ലകളുടേത് ഒക്ടോബർ 31 നുള്ളിൽ കൊടുത്ത് തീർക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |
| (സി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ്, മേഖലാ ഓഫീസുകൾ തുടങ്ങിയവയിൽ 5 വർഷത്തിലധികം സ്ഥിരമായി ജോലി ചെയ്യുന്നവരെ മാറ്റി നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (സി) | വൊക്കേഷണൽ ഹയർസെക്കണ്ടറി ഡയറക്ടറേറ്റ്, മേഖലാകാര്യാലയം തുടങ്ങിയവയിൽ 5 വർഷത്തിലധികം സ്ഥിരമായി ജോലി ചെയ്യുന്ന ജീവനക്കാരെ മാറ്റി നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളാറുണ്ട്. |
| (ഡി) | വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2025-26 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ഡി) | വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ 2025-2026 വർഷം മുതലാണ് തസ്തിക നിർണയം നടത്തുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളത്. തസ്തിക നിർണയ നടപടികൾ മേഖലാതലത്തിൽ പൂർത്തിയായി. സംസ്ഥാനതല ക്രോഡീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു |

| | | | |
|---|---|---|---|
| (ഇ) | വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ ഈ വർഷം നഷ്ടപ്പെട്ട എത്ര അധ്യാപക തസ്തികയുണ്ട് എന്നതിന്റെ കണക്ക ലഭ്യമാക്കുമോ; അവരെ പുനർവിന്യസിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഇ) | തസ്തിക നിർണയം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അധ്യാപക തസ്തികകളുടെ സ്ഥിതിവിവര കണക്കുകൾ ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ